## ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ: എൻ.പത്മകുമാർ, ഐ.എ.എസ്.)

### സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - പങ്കാളിത്ത പെൻഷൻ പദ്ധതി- സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരുന്നതിനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർക്ക് ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

==========================================================================

**ഉത്തരവ് നം: 8949/എസ്റ്റാ.ബി1/2019/സി.ആർ.ഡി. തീയതി: 19/10/2020**

==========================================================================

പരാമർശം:

1. സ.ഉ (പി) നം.209/2013/ധന തീയതി 07/05/2013.
2. സ.ഉ (പി) നം.25/2019/ധന തീയതി 07/03/2019.
3. സ.ഉ (പി) നം.92/2019/ധന തീയതി 06/07/2020.
4. കേരള അക്കൗണ്ടന്റ് ജനറലിന്റെ 07/08/2020-ലെ ജി.ഇ 28/ബി/ആർ. ഡി.ഡി/എ/193/115 കത്ത്.
5. വിവിധ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ അപേക്ഷകൾ.

### ഉത്തരവ്

01/04/2013-ന് മുമ്പ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01/04/2013-ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്കും 01/04/2013-ന് മുമ്പ് കെ.എസ്.ആർ ഭാഗം –III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പിന്നീട് പുതിയ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുവാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവാകുകയും തുടർന്ന് ഓപ്ഷൻ ഫോം നിയമനാധികാരിക്ക് സമർപ്പിക്കുന്നതിനുള്ള കാലപരിധി 2020 ഓഗസ്റ്റ് 14 വരെയായി ദീർഘിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 01/04/2013-ന് മുമ്പ് സർവ്വീസിൽ പ്രവേശിക്കുകയും അന്തർവകുപ്പ് സ്ഥലംമാറ്റം, അന്തർവകുപ്പ് (മ്യൂചൽ) സ്ഥലംമാറ്റം, കെ.എസ്.ആർ ഭാഗം – III പെൻഷന്റെ പരിധിയിലിരിക്കെയുള്ള ബൈ ട്രാൻസ്ഫർ നിയമനം, ബൈ ട്രാൻസ്ഫർ സ്ഥാനക്കയറ്റം, അന്തർജില്ലാ സ്ഥലംമാറ്റം എന്നിവ വഴി 01/04/2013-ന് ശേഷം നിയമനം ലഭിക്കുന്ന ജീവനക്കാർ കെ.എസ്.ആർ ഭാഗം – III പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതില്ലായെന്നും എന്നാൽ പ്രസ്തുത ജീവനക്കാർ 65/2015/ധന തീയതി 04/07/2015 സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പുതിയ ജോലിയിൽ പ്രവേശിച്ചിരിക്കുന്നതെന്ന് നിയമനാധികാരി പരിശോധിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തണമെന്നും പരാമർശം (2) പ്രകാരം സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതുമാണ്. സംസ്ഥാന സർവ്വീസിൽ നോൺഗസറ്റഡ് തസ്തികയിൽ തുടർന്നുവന്ന ചില ജീവനക്കാർ ബൈട്രാൻസ്ഫർ വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതിനാൽ, ടി ജീവനക്കാരുടെ ഓപ്ഷൻ ബന്ധപ്പെട്ട നിയമനാധികാരി അംഗീകരിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | പെൻ നമ്പർ | നിലവിലെ ഓഫീസ് |
|---|---|---|---|
| 1. | മോനിഷ്.വി.ആർ. | 619644 | പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| 2. | ബിജിൻ പി. ജേക്കബ് | 482176 | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് |
| 3. | ജിനീഷ് കെ.സി. | 483997 | നെന്മാറ ബ്ലോക്ക് പഞ്ചായത്ത് |
| 4. | സുനീഷ്.കെ.എം | 343686 | അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 5. | ദീപു.എസ്. | 423834 | ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് |
| 6. | അബു.ആർ. | 162139 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് |
| 7. | ജോബിസാലസ് | 426380 | തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് |

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

പകർപ്പ്:-

1. ജീവനക്കാർക്ക്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തൃശ്ശൂർ, (ഓപ്ഷൻ ഫോമിന്റെ പകർപ്പ് സഹിതം)
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

'ആർ.ജെ.എസ്'